# പ്രസിദ്ധീകരണത്തിന്

## ലാബ് അസിസ്റ്റന്റ് നിയമനം

കണ്ണൂർ സർവ്വകലാശാല പയ്യന്നൂർ ക്യാമ്പസിൽ പ്രവർത്തിക്കുന്ന കെമിസ്ട്രി ഡിപ്പാർട്ട്മെന്റിൽ ദിവസ വേതനാടിസ്ഥാനത്തിൽ ലാബ് അസിസ്റ്റന്റിനെ നിയമിക്കുന്നു. ബി.എസ്.സി.കെമിസ്ട്രി ആണ് അടിസ്ഥാനയോഗ്യത. എം.എസ്.സി.കെമിസ്ട്രി ഉള്ളവർക്ക് മുൻഗണന ഉണ്ടാവും. യോഗ്യരായ ഉദ്യോഗാർത്ഥികൾ അസ്സൽ പ്രമാണങ്ങളും കോപ്പിയും സഹിതം എടാട്ട് സ്വാമി ആനന്ദതീർത്ഥ ക്യാമ്പസിൽ പ്രവർത്തിക്കുന്ന കെമിസ്ട്രി വകുപ്പിൽ **26-10-2021** നു രാവിലെ **11** മണിക്ക് ഇന്റർവ്യൂവിന് ഹാജരാക്കേണ്ടതാണ്.

## എം.എസ്.സി അപ്ലൈഡ് സുവോളജി - സീറ്റ് ഒഴിവ്

കണ്ണൂർ സർവകലാശാല മാനന്തവാടി ക്യാമ്പസിലെ സുവോളജി പഠന വകുപ്പിൽ 2021-22 അക്കാദമിക വർഷത്തെ എം.എസ്.സി അപ്ലൈഡ് സുവോളജി പ്രോഗ്രാമിൽ എൻ.ആർ.ഐ. വിഭാഗത്തിൽ രണ്ടും എസ്.ടി വിഭാഗത്തിൽ മൂന്നും സീറ്റുകൾ ഒഴിവുണ്ട്. മേൽ വിഭാഗത്തിൽ പ്രവേശനം ആഗ്രഹിക്കുന്ന അർഹരായ വിദ്യാർത്ഥികൾ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം 29-10-2021 ന് വകുപ്പ് മേധാവി മുൻപാകെ ഹാജരാകണമെന്ന് അറിയിക്കുന്നു. മൊബൈൽ നമ്പർ : 9847803136.

## <u>എം.എസ്.സി മോളിക്യൂലർ ബയോളജി -</u> സീറ്റ് ഒഴിവ്

കണ്ണൂർ സർവ്വകലാശാലയുടെ നീലേശ്വരം പാലാത്തടം ഡോ.പി.കെ.രാജൻ മെമ്മോറിയൽ ക്യാമ്പസിലെ എം.എസ്.സി. മോളിക്യൂലർ ബയോളജി കോഴ്സിലേക്ക് പട്ടികജാതി(SC) വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള രണ്ടു സീറ്റുകൾ ഒഴിവുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ ഒക്ടോബർ 25 തിങ്കളാഴ്ച ഉച്ചക്ക് 12 മണിക്ക് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഡിപ്പാർട്ട്മെന്റിൽ ഹാജരാക്കേണ്ടതാണ്. ഫോൺ: 9663749475, 04672284256.

## <u>എം.എസ്.സി കമ്പ്യൂട്ടർ സയൻസ് , എം.സി.എ -</u> സീറ്റ് ഒഴിവ്

കണ്ണൂർ സർവ്വകലാശാല മാങ്ങാട്ടുപറമ്പ ക്യാമ്പസിലെ ഇൻഫർമേഷൻ ടെക്നോളജി വകുപ്പിലെ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് , എം.സി.എ എന്നീ

കോഴ്സുകളിൽ പട്ടികജാതി (SC) പട്ടിക വർഗ്ഗ (ST) വിഭാഗങ്ങൾക്കായി സംവരണം ചെയ്യിട്ടുള്ള സീറ്റുകൾ ഒഴിവുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ ഒക്ടോബർ 25 തിങ്കളാഴ്ച രാവിലെ 10:30 ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഡിപ്പാർട്ട്മെന്ററിൽ ഹാജരാക്കേണ്ടതാണ്.

**പി ജി (കോളേജ്) - എസ് .സി /എസ്.ടി ഒഴിവ്**

അഫിലിയേറ്റഡ് കോളേജുകളിലെ പി.ജി കോഴ്സുകളിലെ ഒഴിവുള്ള SC/ST സീറ്റുകളിലേക്ക് അപേക്ഷിക്കുന്നതിന് ഇതുവരെ അപേക്ഷിക്കാത്ത SC/ST വിഭാഗക്കാർക്ക് ഓൺലൈനായി 2021 ഒക്ടോബർ 23 നു അപേക്ഷിക്കാം. ഒഴിവുകളുടെ ലിസ്റ്റ് സർവ്വകലാശാല വെബ്സൈറ്റിൽ നൽകുന്നതാണ്.

**പി ജി (കോളേജ്) - എസ് .സി /എസ്.ടി അലോട്ട്മെന്റ്**

അഫിലിയേറ്റഡ് കോളേജുകളിലെ പി.ജി കോഴ്സുകളിലെക്ക് SC/ST വിഭാഗക്കാർക്ക് മാത്രമായി 25.11.2021 ന് അലോട്ട്മെന്റ് നടത്തുന്നതാണ്.

**പി ജി (കോളേജ്) - സ്പോട്ട് അഡ്മിഷൻ**

**ഗവണ്മെന്റ്/എയ്ഡഡ് കോളേജുകളിലെ** PG കോഴ്സുകളിലെ SC/ST ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളിലേക്കും ഒക്ടോബർ 27,28 തിയ്യതികളിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. പങ്കെടുക്കുന്നവർ 23.10.2021 മുതൽ 26.10.2021, 01:00 PM വരെ അതാത് കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വേക്കൻസി ലിസ്റ്റ് സർവ്വകലാശാല വെബ്സൈറ്റിൽ നൽകുന്നതായിരിക്കും. വിവിധ കാരണങ്ങളാൽ അലോട്മെന്ററിൽ നിന്ന് പുറത്തായവർക്കും, നിലവിൽ പ്രവേശനം ലഭിച്ചവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും പങ്കെടുക്കാം.

**സെൽഫ് ഫൈനാൻസിങ് കോളേജുകളിലെ** SC/ST ഉൾപ്പെടെയുള്ള പി.ജി ഒഴിവുകളിലേക്ക് ഒക്ടോബർ 30, നവംബർ 1 തിയ്യതികളിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. പങ്കെടുക്കുന്നവർ 28.10.2021 മുതൽ 29.10.2021 01:00 PM വരെ അതത് കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വേക്കൻസി ലിസ്റ്റ് സർവ്വകലാശാല വെബ്സൈറ്റിൽ നൽകുന്നതായിരിക്കും. വിവിധ കാരണങ്ങളാൽ അലോട്മെന്ററിൽ നിന്ന് പുറത്തായവർക്കും, നിലവിൽ പ്രവേശനം ലഭിച്ചവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും ഇതുവരെ അപേക്ഷിക്കാത്തവർക്കും അവസരമുണ്ട്.പുതിയതായി അപേക്ഷിക്കുന്നവർ അഡ്മിഷൻ വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

സ്പോട്ട് അഡ്മിഷൻ പ്രവേശനത്തിന് അർഹരായവരെ കോളേജ് അധികാരികൾ ഫോൺ വഴി ബന്ധപ്പെടുന്നതായിരിക്കും. ഇതിനകം പ്രവേശനം ലഭിച്ച അപേക്ഷകർ സ്പോട്ട് അഡ്മിഷൻ ലഭിച്ച കോളേജുകളിൽ പ്രവേശനത്തിന് ഹാജരായി പ്രവേശനം ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ മുമ്പ് പ്രവേശനം ലഭിച്ച കോളേജിൽ നിന്ന് ടി.സി വാങ്ങേണ്ടതുള്ളൂ.

ഹെല്പ് ലൈൻ നമ്പർ :0497 2715261,7356948230,

ഇ മെയിൽ ഐഡി: pgsws@kannuruniv.ac.in

വെബ്സൈറ്റ് : www.admission.kannuruniversity.ac.in

## ബി. എഡ്. പരീക്ഷാസമയം

25.10.2021 മുതൽ നടക്കുന്ന രണ്ടാം സെമസ്റ്റർ ബി. എഡ്. (ഏപ്രിൽ 2021) പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വെള്ളിയാഴ്ച രാവിലെ 10 മണിക്കും മറ്റ് ദിവസങ്ങളിൽ ഉച്ചക്ക് 2 മണിക്കും പരീക്ഷകൾ ആരംഭിക്കും.

## ടൈംടേബിൾ

02.11.2021 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബിരുദ (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് – 2014 അഡ്മിഷൻ മുതൽ), ഏപ്രിൽ 2021 പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. തിങ്കൾ മുതൽ വ്യാഴം വരെ ഉച്ചക്ക് ഒന്നരക്കും വെള്ളിയാഴ്ച ഉച്ചക്ക് രണ്ട് മണിക്കും പരീക്ഷകൾ ആരംഭിക്കും.

02.11.2021, 03.11.2021 തീയതികളിൽ യഥാക്രമം ആരംഭിക്കുന്ന ഒന്നും ഏഴും സെമസ്റ്റർ ബി. എ. എൽഎൽ. ബി. (റെഗുലർ/ സപ്ലിമെന്ററി– 2011 അഡ്മിഷൻ മുതൽ), നവംബർ 2020 പരീക്ഷകളുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. തിങ്കൾ മുതൽ വ്യാഴം വരെ രാവിലെ 10 മണിക്കും വെള്ളിയാഴ്ച ഉച്ചക്ക് രണ്ട് മണിക്കും പരീക്ഷകൾ ആരംഭിക്കും.

05.11.2021 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം. ബി. എ. (റെഗുലർ/ സപ്ലിമെന്ററി – 2014 അഡ്മിഷൻ മുതൽ), ഏപ്രിൽ 2021 പരീക്ഷകളുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. . തിങ്കൾ മുതൽ വ്യാഴം വരെ രാവിലെ 11 മണിക്കും വെള്ളിയാഴ്ച ഉച്ചക്ക് രണ്ട് മണിക്കും പരീക്ഷകൾ ആരംഭിക്കും.

## പ്രായോഗിക പരീക്ഷ

മാറ്റിവച്ച ഏഴാം സെമസ്റ്റർ ബി. ടെക്. (സപ്ലിമെന്ററി - 2007 അഡ്മിഷൻ മുതൽ - പാർട്ട് ടൈം ഉൾപ്പടെ) നവംബർ 2019 മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം പ്രായോഗിക പരീക്ഷകൾ 27.10.2021 ന് വിവിധ പരീക്ഷ കേന്ദ്രങ്ങളിൽ വച്ച് നടക്കും പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.